പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1507 | 05-02-2019-ലെ മറുപടിയ്ക്ക്

## കർഷകർ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വിളകളുടെ വിലയിടിഞ്ഞതും കൃഷിചെലവ് ക്രമാതീതമായി വർദ്ധിച്ചതും സംസ്ഥാനത്തെ കർഷകരെ കടുത്ത പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിന് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷിവ്യാപനം, ജൈവകൃഷി, കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം, യന്ത്രവത്ക്കരണം, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ്, കർഷകക്ഷേമം എന്നിവ ലക്ഷ്യം വച്ച് വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കൂടാതെ ഓരോ വിളയ്ക്കും അനുയോജ്യമായ പ്രത്യേക കാർഷിക മേഖലകൾ കണ്ടെത്തി അവിടെ വിത്തു മുതൽ വിപണി വരെയുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കി പ്രസ്തുത വിള ശാസ്ത്രീയമായി കൃഷി ചെയ്ത് പരമാവധി ഉല്പാദനം കൈവരിക്കുവാനും മെച്ചപ്പെട്ട വിപണന സംവിധാനം നടപ്പിലാക്കി കർഷകർക്ക് പരമാവധി വില നേടിക്കൊടുക്കുവാനും ലക്ഷ്യമിടുന്നു.<br>കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിനും ന്യായമായ വില ഉറപ്പു വരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ താങ്ങുവില പദ്ധതിപ്രകാരം കിലോയ്ക്ക് 23.50 രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നു.<br>റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. സംസ്ഥാന |
| (ബി) | എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | സർക്കാരും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങു വിലയും, റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയാക്കി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന പദ്ധതിയിൽ ഇപ്പോൾ റബ്ബറിന് കിലോയ്ക്ക് 150/- രൂപയാണ് താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്ക് സബ്സിഡി ലഭിക്കും. 2016-17-ൽ 500 കോടി രൂപയും 2017-18-ൽ 125 കോടി രൂപയും സബ്സിഡിയായി 2018-19-ൽ 300 കോടി രൂപയും കർഷകർക്കുള്ള സബ്സിഡി വിതരണത്തിനായി നൽകിയിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും കർഷകർക്ക് ന്യായവില ഉറപ്പാക്കുവാൻ പ്രവർത്തിച്ച് വരുന്നുണ്ട്. പച്ചക്കറി വികസനപദ്ധതി പ്രകാരം കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായവിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് വിറ്റഴിക്കുന്നതിനുള്ള സംവിധാനം 34 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, 240 എ ഗ്രേഡ് ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. വിപണി ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി കേരളത്തിലൊട്ടാകെ 400 ആഴ്ച്ചചന്തകൾ പ്രവർത്തിച്ച് വരുന്നുണ്ട്. സർക്കാർ ഏജൻസിയായ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തൊട്ടാകെ 283 സ്വാശ്രയകർഷക സമിതികൾ രൂപീകരിച്ച് വിപണന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുന്നുണ്ട്. ഹോർട്ടികോർപ്പ് ടി സ്ഥാപനത്തിന്റെ സംഭരണ കേന്ദ്രത്തിലൂടെ ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് കർഷകരിൽ നിന്നും, കർഷക കൂട്ടായ്മകളിൽ നിന്നും, കാർഷിക മൊത്ത വ്യാപാര വിപണികളിൽ നിന്നും കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ജൈവകാർഷിക മുറകളും, നല്ല കാർഷിക പരിപാലന മുറകളും അവലംബിച്ച് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രത്യേകമായിത്തന്നെ വിറ്റഴിക്കുന്നതിനായി 440 എക്കോഷോപ്പുകളും പ്രവർത്തിച്ച് വരുന്നുണ്ട്.കർഷകർക്ക് ഇപ്രകാരം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ട്. |
| **(സി)** | കർഷകർക്ക് സബ്സിഡിക്ക് പകരം പണം കൈമാറുവാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നതായി സംസ്ഥാന സർക്കാരിന് അറിവുണ്ടോ; | **(സി)** | വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| **(ഡി)** | വളമുൾപ്പെടെയുള്ളവയുടെ എല്ലാ സബ്സിഡി ആനുകൂല്യങ്ങളും പണമായി നൽകുന്നത് സംസ്ഥാനത്തെ കർഷകർക്ക് ഗുണകരമായിരിക്കും എന്ന് വിലയിരുത്തുന്നുണ്ടോ എന്ന് അറിയിക്കാമോ? | **(ഡി)** | വളമുൾപ്പെടെയുള്ള എല്ലാ ഉത്പാദനോപാധികളും സാങ്കേതിക വിഭാഗം ജീവനക്കാരുള്ള കൃഷിഭവൻ മുഖേനയും കൃഷിഭവന്റെ മേൽനോട്ടത്തിലും വിതരണം നടത്തുന്നതാണ് സബ് സിഡി ആനുകൂല്യങ്ങൾ പണമായി നൽകുന്നതിനേക്കാൾ ഫലപ്രദമെന്ന് വിലയിരുത്തുന്നു. |

**സെക്ഷൻ ഓഫീസർ**